# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1144 — 21.03.2013-ലെ മറുപടിയ്ക്ക്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ്ഡയറക്ടർമാരെ സംബന്ധിച്ച വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. പി.കെ. അബ്ദുറബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ജി.ഒ(പി)നം.389/2010/എച്ച്.ഇഡിഎൻ. തീയതി. 7.01.10 അനുസരിച്ച് സംസ്ഥാനത്തെ എൻജിനീയറിംഗ് കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം എ.ഐ.സി.റ്റി പ്രകാരം പരിഷ്കരിച്ച് നടപ്പാക്കിയതിൽ പാർട്ട് III പ്രകാരം സാങ്കേതിക വിദ്യാഭ്യാസവകുപ്പിലെ പോളിടെക്നിക് സ്കീമിൽ ഉൾപ്പെട്ട നാല് ജോയിന്റ് ഡയറക്ടർമാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ; | എ) ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) (ബി)എങ്കിൽ നാലുപേരുടെയും വിദ്യാഭ്യാസ യോഗ്യതയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി പോളിടെക്നിക് സ്കീമിലെ നാല് ജോയിന്റ് ഡയറക്ടർമാരുടെ യോഗ്യതയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.<br>1)അംഗീകൃത സർവ്വകലാശാലയിൽ നിന്നും അവസാന വർഷം 60% മാർക്കോടെ ഏതെങ്കിലും വിഭാഗത്തിൽ അടിസ്ഥാന എൻജിനീയറിംഗ് ഡിഗ്രി.<br>2)അദ്ധ്യാപനമുൾപ്പടെ 15 വർഷത്തെ സേവനം<br>അല്ലെങ്കിൽ<br>പോളിടെക്നിക് ലെവലിലോ, അതിലുയർന്നതോ ആയ സ്ഥാപനങ്ങളിൽ ലക്ചറർ/സെക്ഷൻ ഹെഡ്/പ്രിൻസിപ്പാൾ ആയി ഭരണരംഗത്തുള്ള സേവനം.ഇതിൽ കുറഞ്ഞത് 3 വർഷം ഒരു പോളിടെക്നിക്കിന്റെ പ്രിൻസിപ്പാളായോ,സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടറായോ പ്രവർത്തിച്ചിരിക്കണം.<br>അടിസ്ഥാന എൻജിനീയറിംഗ് ഡിഗ്രിയിൽ 60% മാർക്ക് ഇല്ലായെങ്കിൽ എൻജിനീയറിംഗിലെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രിയോ ,ബി.ടെക് (എജ്യൂക്കേഷൻ) |

യോഗ്യതയോ തത്തുല്യ യോഗ്യതയായി കണക്കാക്കുന്നതാണ്.

ഈ തസ്തികയിൽ സേവനമനുഷ്ഠിച്ചവരും ഇപ്പോൾ സർവ്വീസിലുള്ളവരും ഈ യോഗ്യത നേടിയവരാണ്.

സി) പ്രസ്തുത ജോയിന്റ് ഡയറക്ടർമാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് മേൽ സർക്കാർ ഉത്തരവിൽ പരാമർശിക്കും പ്രകാരം 80% സാമ്പത്തിക സഹായം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

സി) എ.ഐ.സി.റ്റിയുടെ പരിധിയിൽ വരുന്ന സർക്കാർ,എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അദ്ധ്യാപകർക്ക് ലഭ്യമാകുന്ന എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും (80% ശമ്പള കുടിശ്ശിക ഉൾപ്പടെ )ഈ 4 ജോയിന്റ് ഡയറക്ടർമാർക്കും ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ